# KERALA POLICE INFORMATION CENTRE

Ph: 0471 2318188    Email: *info.pol@kerala.gov.in*


No.149/PR/PIC/PHQ/18    Date : 13.06.2018

## സ്കൂൾ വാഹനങ്ങളുടെ സുരക്ഷിതമല്ലാത്ത യാത്ര ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കണം

സുരക്ഷിതമല്ലാത്ത സാഹചര്യങ്ങളിൽ സ്കൂൾവാഹനങ്ങൾ ഓടിക്കുന്നത് ശ്രദ്ധയിൽ പെട്ടാൽ പൊതുജനങ്ങൾ 9846100100 എന്ന നമ്പരിൽ അറിയിക്കണമെന്ന് സംസ്ഥാനപോലീസ് മേധാവി ലോക്നാഥ് ബെഹറ അഭ്യർത്ഥിച്ചു. ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതിന് 9747001099 എന്ന വാട്ടസ് ആപ് നമ്പരും ഉപയോഗപ്പെടുത്താം.

സ്കൂൾ വാഹനങ്ങളുടെ സുരക്ഷയ്ക്കായി നിരവധി നിർദേശങ്ങൾ മുൻപ് നല്കിയിട്ടുണ്ട്. സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ്, സുരക്ഷാക്രമീകരണങ്ങൾ എന്നിവ ഉറപ്പുവരുത്തണം, ഡ്രൈവർമാർക്കുള്ള പോലീസ് ക്ലിയറൻസ് നിർബന്ധമാക്കണം, ഡ്രൈവർമാർ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടില്ല എന്നും മറ്റു സ്വഭാവ ദൂഷ്യങ്ങൾ ഇല്ലാത്തവരാണെന്നും ഡ്രൈവർമാർ മദ്യപിച്ചല്ല വാഹനങ്ങൾ ഓടിക്കുന്നതെന്നും ഉറപ്പുവരുത്തണം, ഡ്രൈവർമാർക്ക് ആവശ്യമായ ബോധവത്കരണം നൽകണം, വാഹനങ്ങളിൽ അനുവദിച്ചിരിക്കുന്ന സംഖ്യയിലും കൂടുതൽ കുട്ടികളെ കയറ്റാൻ അനുവദിക്കരുത് തുടങ്ങിയവ അതിൽപ്പെടുന്നു. ഇവയുൾപ്പെടെയുള്ള സുരക്ഷാമാനദണ്ഡങ്ങൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഏറ്റവും അടുത്ത പോലീസ് ഉദ്യോഗസ്ഥരെയോ നേരത്തെ പറഞ്ഞ നമ്പരിലോ അറിയിക്കണമെന്ന് സംസ്ഥാനപോലീസ് മേധാവി നിർദ്ദേശിച്ചു.

*********